(ഗവണ്മെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷൻ സീറ്റിൽ ഇല്ലാത്തതിനാൽ ഗവണ്മെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടില്ല)

(4) അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പതാമത് റിപ്പോർട്ട്

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മുപ്പതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

VI നിയമനിർമ്മാണം

(1) 2011-ലെ കേരള പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : സർ, 2011-ലെ പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ : സർ, 2011-ലെ പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബിൽ ജലവിഭവം സംബന്ധിച്ച III-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): സർ, പ്ലാച്ചിമടയിലെ ജനങ്ങളും പൊതു സമൂഹവും വർഷങ്ങളായി ഉന്നയിക്കുന്ന ഒരാവശ്യം ഇന്നു സാക്ഷാത്കരിക്കപ്പെടുകയാണ്. ആദിവാസി ജനവിഭാഗവും മറ്റു ദരിദ്രരും അടങ്ങിയ പ്ലാച്ചിമടയിലെ ജനങ്ങൾ ഏതാണ്ട് ഒരു പതിറ്റാണ്ടായി അനുഭവിക്കുന്ന ദുരിതങ്ങൾക്ക് അവയുടെ കർത്താവായ കൊക്കകോള കമ്പനിയിൽനിന്ന് നഷ്ടപരിഹാരം ഈടാക്കുക എന്ന ബാദ്ധ്യത ഈ സർക്കാർ നിറവേറ്റുകയാണ്.

The Plachimada Cocacola Victim Relief and Compensation Claims Special Tribunal Bill, 2011 കേരളത്തിന്റെ നിയമനിർമ്മാണ ചരിത്രത്തിലെ വഴിത്തിരിവാണ്. ഇന്ത്യൻ ഭരണഘടനയുടെ 21-ാം അനുച്ഛേദം നിയമംവഴി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപിച്ചിട്ടുള്ള നടപടിക്രമം അനുസരിച്ചല്ലാതെ യാതൊരാളുടെയും ജീവനോ വ്യക്തിസ്വാതന്ത്ര്യമോ ഇല്ലാതാക്കുവാൻ പാടുള്ളതല്ല എന്ന് അനുശാസിക്കുന്നുണ്ട്. 21-ാം അനുച്ഛേദം അനുവദിച്ചു നൽകിയിട്ടുള്ള ഈ അവകാശത്തിന് മാന്യതയും വിലയും കല്പിക്കാത്ത വിധമുള്ള പ്രത്യക്ഷവും പരോക്ഷവുമായ പ്രവർത്തനങ്ങളിലൂടെ ബഹുരാഷ്ട്ര കുത്തകകൾ പ്രവർത്തിക്കുന്നത് അപൂർവ്വമല്ല. വ്യവസായം രാജ്യത്തിന്റെ പുരോഗതിക്ക് അനിവാര്യമാണ് എന്ന വസ്തുത അംഗീകരിക്കുന്നതോടൊപ്പം ഭരണഘടനയും ഇതര നിയമങ്ങളും ജനങ്ങളുടെ ജീവനും സ്വാതന്ത്ര്യത്തിനും നൽകുന്ന പരിരക്ഷ ഉറപ്പാക്കുന്നതിനുള്ള ഉത്തരവാദിത്വവും വ്യവസായ സ്ഥാപനങ്ങൾക്കുണ്ട്. എന്നാൽ പല സ്ഥാപനങ്ങളും അതു പാലിക്കുന്നില്ല. 1984 ഡിസംബർ 8-ലെ രാജ്യത്തെ നടുക്കിയ ഭോപ്പാൽ യൂണിയൻ കാർബൈഡ് ദുരന്തം അതിനൊരു ഉദാഹരണമാണ്. ഭരണഘടന നൽകുന്ന സംരക്ഷണത്തിന് വിരുദ്ധമായി പ്രവർത്തിച്ചതിലൂടെ കാർബൈഡ് ദുരന്തം ആയിരങ്ങളുടെ ജീവൻ അപഹരിച്ചു വ്യക്തിസ്വാതന്ത്ര്യം ഹനിച്ചു. ഇതേക്കുറിച്ച് IMCB (The International Medical Commission on Bhopal) 12 രാജ്യങ്ങളിൽ നിന്നുള്ള 15 Medical Professionals അംഗങ്ങളായുള്ള കമ്മീഷൻ പഠനം നടത്തി. കമ്മീഷൻ ഭോപ്പാൽ ദുരന്തത്തിനെ വിശേഷിപ്പിച്ചത് "a tragic model of an industrially induced epidemic" എന്നാണ്. തലമുറകളെ പകർച്ചവ്യാധിപോലെ ബാധിക്കുന്ന ഗൗരവകരമായ ദുരന്തം. ദുരന്തത്തിൽ നഷ്ടം സംഭവിച്ചവർക്ക്, ജീവൻ നഷ്ടപ്പെട്ടവർക്ക് അർഹമായ നഷ്ടപരിഹാരം നൽകുവാൻ കഴിഞ്ഞോ എന്ന് ഓരോ ഇന്ത്യക്കാരനും ചോദിക്കുന്ന ചോദ്യം ഉത്തരമില്ലാതെ അവശേഷിക്കുന്നു. എന്നാൽ ആ ചോദ്യത്തിന് ഉത്തരം നൽകുന്ന ഒരു നിയമ നിർമ്മാണമാണിത്. ഇത് രാജ്യത്തിനാകെ മാതൃകയാവണം. ജനക്ഷേമകരമായ നിയമനിർമ്മാണത്തിന് ഇന്ത്യയിലെ നിയമനിർമ്മാണ പ്രക്രിയയിൽ കേരള നിയമസഭ എക്കാലവും മാതൃകയായിട്ടുണ്ട്. സംസ്ഥാനത്തെ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമനിർമ്മാണത്തിന്റെ ചുവടുപിടിച്ച് നിർമ്മാണ മേഖലയിലെ തൊഴിലാളികൾക്കുവേണ്ടി ഇന്ത്യൻ പാർലമെന്റ് പിൽക്കാലത്ത് നിയമനിർമ്മാണം നടത്തിയതുപോലെ രാജ്യവ്യാപകമായി നിയമനിർമ്മാണത്തിൽ പുതിയ ദിശാബോധം നൽകുന്ന ഒന്നായിരിക്കും The Plachimada Cocacola Victim Relief and Compensation Claims Special Tribunal Bill, 2011.

അറ്റ്ലാന്റ് ആസ്ഥാനമായ ബഹുരാഷ്ട്ര കമ്പനിയായ കൊക്കകോള കമ്പനിയുടെ സബ്സിഡിയറി യൂണിറ്റായി കേരളത്തിലെ പ്ലാച്ചിമടയിൽ പ്രവർത്തിച്ചിരുന്ന Hindustan Cocacola Beverages Private Limited വമ്പിച്ച ജനകീയ പ്രക്ഷോഭത്തെ തുടർന്ന് 2004-ൽ പൂട്ടി. തദ്ദേശവാസികൾക്കും പക്ഷിമൃഗാദികൾക്കും, മണ്ണിനും വെള്ളത്തിനും പരിസ്ഥിതിക്കും കമ്പനിയുടെ മലിനീകരണം കൊണ്ടുണ്ടായ ദുരിതങ്ങൾക്ക് എതിരെയായിരുന്നു പ്രക്ഷോഭം. കമ്പനി പൂട്ടിയെങ്കിലും കമ്പനിയുടെ പ്രവർത്തനംമൂലം പാരിസ്ഥിതികമായ വിവിധ ഘടകങ്ങൾക്കും പ്രകൃതി വിഭവങ്ങൾക്കുമുണ്ടായ നഷ്ടം നികത്തുന്നതിന് കമ്പനി തയ്യാറായില്ല. ഈ സാഹചര്യത്തിലാണ് സർക്കാർ ഇതുമായി

ബന്ധപ്പെട്ട വിഷയങ്ങൾ പഠിക്കുവാൻ അഡീഷണൽ ചീഫ് സെക്രട്ടറി കെ. ജയകുമാർ അദ്ധ്യക്ഷനായി ഒരു ഉന്നതാധികാര സമിതിയെ 2009 ഏപ്രിൽ മാസത്തിൽ നിയമിച്ചത്. കമ്പനിയുടെ മാലിന്യ നിക്ഷേപംകൊണ്ട് പ്രദേശത്തെ പ്രകൃതി വിഭവങ്ങളായ വെള്ളവും മണ്ണും മലിനപ്പെടുന്നുവെന്നും കമ്പനിയുടെ പ്രവർത്തനംകൊണ്ട് സാമൂഹ്യവും സാമ്പത്തികവും ആരോഗ്യ പരവും പാരിസ്ഥിതികവുമായ ഒട്ടേറെ ദോഷങ്ങൾ ഉണ്ടായെന്നും കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ അമിത ജലചൂഷണം കൊണ്ടുണ്ടായ ഭൂഗർഭ ജലവിതാനത്തിൽ താഴ്ച ഉണ്ടായതായും പ്രദേശത്തെ ജനജീവിതത്തേയും കൃഷി, മൃഗസംരക്ഷണം, ആരോഗ്യം തുടങ്ങി വിവിധ മേഖലകളെയും ദോഷകരമായി ബാധിച്ചതായും കണ്ടെത്തി. കൊക്കകോള കമ്പനി വരുത്തിയ നഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകാൻ അവർക്കുതന്നെ ബാദ്ധ്യതയുണ്ട്. കൃഷി, ആരോഗ്യം, തൊഴിൽ, ഭൂജല മലിനീകരണം, മൃഗസംരക്ഷണം എന്നീ മേഖലകളിലായി 216.26 കോടി രൂപയുടെ നഷ്ടം ഉള്ളതായി കണക്കാക്കി.

കമ്പനിക്കുള്ള ബാദ്ധ്യത ഉറപ്പാക്കുന്നതിന് PPPയും ഇൻഡ്യയിൽ നിലവിലുള്ള വിവിധ നിയമങ്ങളിലെ വ്യവസ്ഥകളും (PPP അഥവാ The Polluter Pays Principle) മലിനീകരണം മൂലമുണ്ടാകുന്ന ദുരന്തങ്ങൾ കാരണമുണ്ടാകുന്ന നഷ്ടം നികത്തുവാനുള്ള ചെലവും മലിനീകരണം ഉണ്ടാക്കുന്നവർ തന്നെ വഹിക്കണം എന്നത് ഇന്ന് അന്താരാഷ്ട്ര സമൂഹം അംഗീകരിക്കുന്ന തത്വം. നിയമപരമായി നീതി ലഭ്യമാക്കും, അന്തർ ദേശീയമായി പാരിസ്ഥിതിക നയങ്ങൾക്ക് സന്തുലിതാവസ്ഥ സ്ഥാപിതമാകും.

PPP എന്ന തത്വം ഉടലെടുത്തത് 1972-ലെ Organisation for Econocmic Co-operation and Development (OECD)-ന്റെ കൺവെൻഷനിലാണ്. The Principle means "that the polluter should bear the expenses of carrying out the above mentioned measures decided by public authorities to ensure that the environment is an acceptable State" ie; പ്രകൃതി വിഭവങ്ങൾ ചൂഷണം ചെയ്യുന്ന പ്രവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ളവർ തന്മൂലമുള്ള നാശനഷ്ടങ്ങൾക്ക് ഉത്തരവാദികളാണെന്ന് ഈ തത്വം അടിവരയിടുന്നു. 1987-ൽ ഐക്യരാഷ്ട്രസഭയ്ക്കുവേണ്ടി തയ്യാറാക്കിയ Brud Hand Commission Report-ഉം ഈ തത്വം ഉയർത്തിപ്പിടിക്കുന്നു.

തുടർന്ന് 1989-ൽ OECD, PPP യുടെ വ്യാപ്തി ഒരു പടികൂടി വർദ്ധിപ്പിച്ചു. മലിനീകരണം മൂലമുണ്ടാകുന്ന അപകടങ്ങൾക്ക് മലിനീകരണത്തിന് ഉത്തരവാദിയായവർക്ക് ബാദ്ധ്യത നൽകുന്നതായിരുന്നു അത്. Application of thc polluter pays principle to accidental pollution states that "In matters of accidental pollution risks, the polluter pays principle implies that the operator of a hazardous installation should bear the cost of reasonable measures to prevent and control accidental pollution from that installation.

LIBRARY ARCHIVES Kerala Legislative Assembly

ലോക രാഷ്ട്രത്തലവന്മാർ പങ്കെടുത്ത 1992-ലെ ഭൗമ ഉച്ചകോടിയുടെ (Rio Declaration) പ്രഖ്യാപനത്തിന്റെ 16-ാം തത്വം PPP നടപ്പാക്കണമെന്ന് ലോക രാജ്യങ്ങളോട് ആവശ്യപ്പെടുന്നു.

അന്തർദ്ദേശീയ തലത്തിൽ അംഗീകാരം ലഭിച്ച ഈ തത്വത്തിന് ഇൻഡ്യയിൽ നിയമപരമായ അംഗീകാരം ലഭിച്ചത് 1996-ലാണ്. 1996 (3) SCC 212-ലെ റിപ്പോർട്ട് ചെയ്തിട്ടുള്ള Indian Council for Enviro Legal Action Vs Union of India Care-ൽ ജസ്റ്റിസ് ജീവൻ റസ്സി, ജസ്റ്റിസ് ബി. എൻ. ത്രിപാൽ എന്നിവർ പുറപ്പെടുവിച്ച സുപ്രീം കോടതിയുടെ വിധി ന്യായത്തിലൂടെയാണ്. രാജസ്ഥാനിലെ ഉദയ്പൂർ ജില്ലയിലെ (Bichhri) ബീക്ഹറി ജില്ലയിലെ മാലിന്യം വിതയ്ക്കുന്ന കമ്പനിക്കെതിരെയുള്ള കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി PPP അംഗീകരിക്കുകയും ഇത്തരം കേസുകളിൽ അർഹതപ്പെട്ടവർക്ക് നഷ്ടപരിഹാരം എത്തിക്കുന്നതിന് പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിന്റെ അനിവാര്യത ചൂണ്ടിക്കാട്ടുകയും ചെയ്തു. പ്രസ്തുത കേസിൽ കോടതി ഇപ്രകാരം വിധി പ്രസ്താവിച്ചു. The Respondents alone found to be responsible for such extensive damages-held on facts principle of strict liability and polluter pays applicable. അതോടൊപ്പം പ്രധാനപ്പെട്ട മറ്റൊരു കാര്യവും ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയിലുണ്ടായി. Central Government directed to consider and examine and the advisability of treating chemical industries as a category apart for scrutinizing their establishments and functioning more rigorously and allowing these industries to be established in arid area (most of them being water-intensive industries); establishment of environment courts; strengthening the environment protection machinery both at the Centre and the States and providing them more teeth; personal accountability of the industrial units for their lapses and negligence and formation of environmental audit directed to be considered and examined by Central Government. ബഹുമാനപ്പെട്ട സുപ്രീം കോടതി നിരവധി തവണ ഈ തത്വം ആവർത്തിച്ച് വ്യക്തമാക്കിയിട്ടുള്ളതാണ്. SPAN Motors ബിയാസ് നദി മലിനീകരിച്ചതിനെതിരെ 1997-ൽ പുറപ്പെടുവിച്ച വിധി. മലിനീകരിക്കപ്പെട്ട നദി പൂർണ്ണമായും പൂർവ്വസ്ഥിതിയിലാക്കുന്നതിന് മാത്രമല്ല അതുമൂലം നാശനഷ്ടമുണ്ടായ മുഴുവൻ ആളുകൾക്കും കമ്പനി നഷ്ടപരിഹാരം നൽകണമെന്നും ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിക്കുകയുണ്ടായി.

അന്തർദേശീയ തലത്തിലും ദേശീയ തലത്തിലും അംഗീകരിക്കപ്പെട്ട ഒരു തത്വമാണ് PPP. സുപ്രീം കോടതി വിധിയിലൂടെ ഭാരതത്തിൽ തത്വം നിയമപരമായി അംഗീകരിക്കപ്പെട്ടുകഴിഞ്ഞു. 2008-ലെ ജലനയത്തിൽ ഖണ്ഡം 2.6-ൽ ജലാശയങ്ങൾ മലിനീകരിക്കപ്പെടുന്ന സന്ദർഭങ്ങളിൽ മലിനീകരിക്കപ്പെടുന്നവർ ചെലവ് വഹിക്കുക എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ മലിനീകരണ നിവാരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കും എന്ന് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. PPP എന്ന തത്വം കേരളം നയപരമായി തന്നെ അംഗീകരിച്ച ഒന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

2010 ഏപ്രിൽ മാസം അമേരിക്കയിലെ ഗൾഫ് ഓഫ് മെക്സിക്കോയിൽ ബ്രിട്ടീഷ് പെട്രോളിയം കമ്പനി oil pollution നടത്തിയപ്പോൾ ഉടനടി അമേരിക്കൻ സർക്കാർ കമ്പനിയോട് നഷ്ടപരിഹാരം ആവശ്യപ്പെട്ടു. തൊണ്ണൂറായിരം കോടി രൂപയാണ് അമേരിക്കൻ സർക്കാർ പ്രസ്തുത തുക കമ്പനിയോട് നഷ്ടപരിഹാരമായി ആവശ്യപ്പെട്ടതും കമ്പനി നൽകാമെന്ന് സമ്മതിച്ചതും.

ഈ മാസം പതിനാലാം തീയതി ഷെവറോൺ എന്ന അമേരിക്കൻ കമ്പനി ഇക്വഡോറിലെ ആമസോൺ പ്രദേശം മലിനീകരിച്ചതിന് വർഷങ്ങൾ നീണ്ട നിയമ യുദ്ധത്തിനുശേഷം 36,000 കോടി രൂപ നഷ്ടപരിഹാരം നൽകാൻ ആ രാജ്യത്തെ കോടതി വിധിക്കുകയുണ്ടായി. ഈ നഷ്ടപരിഹാരം വളരെ കുറവാണെന്നു പറഞ്ഞു. അപ്പീലിനു തയ്യാറെടുക്കുകയാണിവിടത്തെ പരാതിക്കാർ.

പ്ലാച്ചിമടയിൽ പ്രവർത്തിച്ചിരുന്ന Hindustan Cocacola Beverages Private Limited, Water (Prevention and Control of Pollution) Act 1974, The Environmental (Protection) Act 1986, The Factories Act 1948, Hazardous Waste (Management and Handling Rule) 1989, The SC ST (Prevention of Atrocities) Act 1989, Indian Penal Code, Land Utilization Order 1967, The Kerala Ground Water (Control and Regulations) Act 2002, Indian Easement Act 1882 തുടങ്ങി വിവിധ നിയമങ്ങളിലെ വിവിധ വകുപ്പുകൾ ലംഘിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. നിയമവിരുദ്ധമായി നടത്തിയ മാലിന്യ നിക്ഷേപത്തിലൂടെ ഒരു പ്രദേശത്തിന്റെ ആകെ പാരിസ്ഥിതിക സന്തുലിതാവസ്ഥ തകർക്കുകയും ജനജീവിതം ദുരിതമാക്കുകയും ചെയ്ത കമ്പനി നഷ്ടപരിഹാരം നൽകാൻ ബാദ്ധ്യസ്ഥനാണ്. ഗൗരവകരമായ ദോഷഫലങ്ങളാണ് മാലിന്യ നിക്ഷേപത്തിലൂടെ കൊക്കോകോള ഉണ്ടാക്കിയിട്ടുള്ളത്. ഇതുമൂലം മനുഷ്യർക്കും പക്ഷിമൃഗാദികൾക്കും സസ്യജാലങ്ങൾക്കും മണ്ണിനും വെള്ളത്തിനും കൃഷിക്കും മൊത്തത്തിൽ ആവാസ വ്യവസ്ഥയ്ക്കും ദോഷമുണ്ടായിട്ടുണ്ട്. ഭാവിതലമുറയ്ക്ക് പോലും പകർച്ചവ്യാധി പോലെ ദുരന്തം വിതയ്ക്കുന്ന നഷ്ടങ്ങൾക്ക് പരിഹാരം നൽകുവാൻ നിയമാനുസരണം കമ്പനിക്ക് ബാദ്ധ്യത നൽകുന്ന ഒരു നീതി സംവിധാനം അനിവാര്യമാണ്.

നിലവിലുള്ള കോടതികളുടെ ജോലി ഭാരവും വ്യത്യസ്തങ്ങളായ വിഷയങ്ങളിൽ തീർപ്പ് കൽപ്പിക്കേണ്ടിവന്നാലും ഈ ഗൗരവകരമായ വിഷയത്തെ ആഴത്തിൽ വിലയിരുത്തി സമയബന്ധിതമായി വിധി പ്രസ്താവിക്കുക എന്നത് വിഷമകരമാണ്. PPP-യും വിവിധ നിയമങ്ങളിലെ വ്യവസ്ഥകൾ പ്രകാരവും കൊക്കകോളയ്ക്ക് ബാദ്ധ്യതയുണ്ടെങ്കിലും അതിനുള്ള ഒരു പ്രത്യേക സംവിധാനം ഇപ്പോൾ നിലവിലില്ല.

മലിനീകരണമുണ്ടാക്കിയ കമ്പനിയിൽ നിന്ന് അത് ഈടാക്കുന്നതിനുള്ള ഒരു സംവിധാനമുണ്ടാക്കണമെന്നതായിരുന്നു കെ. ജയകുമാർ അദ്ധ്യക്ഷനായ ഉന്നതാധികാര സമിതിയുടെ ശുപാർശകളിൽ പ്രധാനം.

LIBRARY ARCHIVES Kerala Legislative Assembly

ഓരോരുത്തർക്കുമുള്ള നഷ്ടം സമയബന്ധിതമായി തിട്ടപ്പെടുത്താനും നഷ്ടപരിഹാരം നിശ്ചയിക്കുവാനുമുള്ള ഒരു പ്രത്യേക സംവിധാനം ഇപ്പോൾ നിലവിലില്ല. ഇക്കാരണങ്ങളാൽ നഷ്ടപരിഹാരം നൽകുവാനുള്ള ബാദ്ധ്യതയിൽ നിന്ന് കൊക്കകോള രക്ഷപ്പെട്ട് ഒഴിഞ്ഞു നിൽക്കുകയാണ്.

കെ. ജയകുമാർ കമ്മിറ്റി റിപ്പോർട്ട് മന്ത്രിസഭാ യോഗം ചർച്ച ചെയ്യുകയും അംഗീകരിക്കുകയും ഒരു പ്രത്യേക ട്രൈബ്യൂണൽ രൂപീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തതിന്റെ പശ്ചാത്തലത്തിലാണ് ഈ ബിൽ.

നഷ്ടപരിഹാരം തിട്ടപ്പെടുത്താനും അത് നൽകുവാനും കൊക്കകോള കമ്പനിക്ക് ബാദ്ധ്യത സ്ഥാപിച്ചു നൽകുന്നതിനുമുള്ള പ്രത്യേക സംവിധാനമാണ് ഈ നിയമ നിർമ്മാണത്തിലൂടെ സാദ്ധ്യമാകുന്നത്. The Plachimada Cocacola Victim Relief and Compensation Claims Special Tribunal Bill, 2011 നിയമമാകുന്നതോടെ നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള ഓരോ ഹർജിയിലും പ്രത്യേകമായി തെളിവുകളെടുത്ത് സമയബന്ധിതമായി ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയും. പ്ലാച്ചിമടയിലെ ദുരിതബാധിതർക്ക് അർഹമായ നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നതിനും ലഭ്യമാക്കുന്നതിനുമുള്ള പുതിയ ഒരു ട്രൈബ്യൂണൽ സ്ഥാപിതമാകും. ഇതുസംബന്ധിച്ച് പഠനം നടത്തിയ ശ്രീ. കെ. ജയകുമാർ കമ്മിറ്റി റിപ്പോർട്ടിൽ ശുപാർശ ചെയ്തതുപോലെ ദുരിതബാധിതർക്ക് സമയബന്ധിതമായി നഷ്ടപരിഹാരം എത്തിക്കുവാൻ ഈ നിയമനിർമ്മാണം കൊണ്ട് സാധ്യമാകും.

മി. സ്പീക്കർ: ശ്രീ. എൻ. ശക്തൻ, Not in the seat ..... (ബഹളം).....

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നതിനാൽ 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : സർ, 2011-ലെ പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. സി. എച്ച്. കുഞ്ഞമ്പു അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

2011-ലെ പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബിൽ ജലവിഭവം സംബന്ധിച്ച III-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ

LIBRARY ARCHIVES Kerala Legislative Assembly

പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു. ..... (ബഹളം).....

(2) 2011 കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, 2011-ലെ കേരള ധനവിനിയോഗ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, 2011-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2011-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ഉം 3-ഉം വകുപ്പുകൾ

മി. സ്പീക്കർ: ഭേദഗതിയില്ല

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly